# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 863** **25/01/2018 ൽ മറുപടിയ്ക്ക്**

**ദിവസവേതന ജീവനക്കാരും കോൺട്രാക്ട് ജീവനക്കാരും**

**ചോദ്യം** **ഉത്തരം**

**പ്രൊ. ആബിദ് ഹുസൈൻ** **ശ്രീ. എ.കെ. ബാലൻ**

**(ബഹു. പട്ടികജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ വികസന, നിയമ, സാംസ്കാരിക, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് ദിവസവേതന ജീവനക്കാരെയും കോൺട്രാക്ട് ജീവനക്കാരെയും വിവിധ വകുപ്പുകളിൽ നിയമിക്കുന്നതായി നിയമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) അവശ്യ ഘട്ടങ്ങളിൽ ദിവസവേതന ജീവനക്കാരെയും കോൺട്രാക്റ്റ് ജീവനക്കാരെയും വിവിധ വകുപ്പുകളിൽ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം ഫയലുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നിയമ വകുപ്പിനെ കാണിക്കാറുണ്ടോ; | ബി & സി)<br><br>ദിവസവേതന ജീവനക്കാരെയും കോൺട്രാക്റ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് നിയമ വകുപ്പിന്റെ ഉപദേശം സാധാരണയായി ആരായുന്നില്ല. എന്നാൽ ആരോഗ്യ സർവ്വകലാശാലയിലെ അസി. രജിസ്ട്രാർ, സെക്ഷൻ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ നിന്നും സമാന തസ്തികയിൽ നിന്ന് വിരമിച്ച ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഈ വകുപ്പിന്റെ ഉപദേശം ആരാഞ്ഞിരുന്നു. |
| സി) | കാണിക്കാത്ത വകുപ്പുകൾ ഏതെല്ലാം; നിയമ വകുപ്പിനെ കാണിക്കുന്ന വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കാമോ; | |
| ഡി) | വിദ്യാഭ്യാസ വകുപ്പിലെ ഐ.ഇ.ഡി. ഭിന്നശേഷിക്കാരെ പഠിപ്പിക്കുന്ന അദ്ധ്യാപകർ, സർവ്വശിക്ഷ അഭിയാനിലെ അദ്ധ്യാപക അനദ്ധ്യാപകർ, | ഡി) ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് ഇക്കാര്യം പരിശോധിക്കേണ്ടത്. |

| | | |
|---|---|---|
| | ആരോഗ്യ വകുപ്പിലെ എൻ.ആർ.എച്ച്.എം. വഴിയുള്ള ഡോക്ടർമാർ / അനുബന്ധ ജീവനക്കാർ, പി.എസ്.സി. ക്ക് വിടാത്ത പൊതുമേഖല സ്ഥാപനങ്ങൾ, വിവിധ ജുഡീഷ്യൽ കമ്മീഷനുകൾ, മനുഷ്യാവകാശ കമ്മീഷൻ, വിവരാവകാശ കമ്മീഷൻ, ആരോഗ്യ വകുപ്പിലെ വിവിധ പ്രോജക്ടുകൾ, വിദ്യാഭ്യാസ വകുപ്പിലെ പ്രോജക്ടുകൾ എന്നിവിടങ്ങളിലും സംവരണം പാലിക്കാതെയാണ് നിയമനങ്ങൾ നടത്തുന്നതെന്ന കാര്യം നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | |
| ഇ) | ഇത് സംബന്ധിച്ച് ഫയലുകളിൽ നിയമ വകുപ്പിന്റെ റിമാർക്ക്സ് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | ഇ) നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ച് നിയമനം നടത്താനാണ് നിർദ്ദേശിക്കുന്നത്. |
| എഫ്) | സംവരണം പാലിക്കാതെയുള്ള കരാർ നിയമനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എഫ്) ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഇത്തരം വിഷയങ്ങളിൽ നടപടി സ്വീകരിക്കേണ്ടത്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ